A1/21665/15

"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. എ1/79000/2015/ഡി.പി.ഐ.

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 23.11.2015

## സർക്കുലർ–I

വിഷയം : പൊതു വിദ്യാഭ്യാസം – ജീവനക്കാര്യം – സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം 2015–16 സംബന്ധിച്ച് –

സൂചന : (1) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ2/2010/പൊ.വി.വ. തീയതി: 02.01.2010.
(2) സർക്കാർ ഉത്തരവ് (കൈ) നമ്പർ 132/2014/പൊ.വി.വ തീയതി: 17.07.2014
(3) സർക്കുലർ നമ്പർ എ1/80479/15/ഡി.പി.ഐ. തീയതി:05/11/2015.

---

സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന ജില്ലാതല കോമൺ പൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നു. സർക്കാർ സർവ്വീസിലുള്ള അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിർദ്ദിഷ്ട ഫാറത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളു.

31/3/2015–ന് നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ അഞ്ചു വർഷം സേവന പൂർത്തിയാക്കിയ ജില്ലാതല കോമൺ പൂളിലുൾപ്പെട്ട അദ്ധ്യാപകർക്കാണ് ഇപ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷിക്കാനുള്ള യോഗ്യതയുള്ളത്. ഹൈസ്ക്കൂൾ വിഭാഗത്തിലെ പ്രഥമാദ്ധ്യാപകർ അവർക്കു ലഭിച്ച അപേക്ഷകൾ സർവ്വീസ് പുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി അപേക്ഷകൾ നിശ്ചിത തീയതിക്കകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതാണ്. എൽ.പി/യു.പി. എന്നിവ മാത്രമായിട്ടുള്ള സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ അപേക്ഷകരുടെ സർവ്വീസ് പുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. സർക്കാർ സർവ്വീസിലുള്ള അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കണം വിദ്യാഭ്യാസ ഉപഡയറക്ടർമാർ കോമൺ പൂളിലുള്ള അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് ശുപാർശ/സ്ഥലംമാറ്റം നൽകേണ്ടത്.

(മറുപുറം...)

ഒരു ജില്ലയിലെ കോമൺ പൂളിൽനിന്നും മറ്റൊരു ജില്ലയിലെ കോമൺ പൂളിലേക്കു മാത്രമാണ് ഈ സർക്കുലറിന് പ്രകാരം അപേക്ഷ സ്വീകരിച്ച് നിയമനം നടത്തേണ്ടത്. കോമൺ പൂളിന് പുറത്ത് സ്കൂൾ മാനേജ്മെന്റുകൾക്കുള്ള സ്ഥലം മാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല. ഖണ്ഡിക (3) സർക്കുലറിന്റെ അടിസ്ഥാനത്തിലുള്ള ഒഴിവിന്റെ അനുപാതികമായ [illegible] 2015-16 അദ്ധ്യയന വർഷത്തിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഒഴിവുകൾ കണക്കാക്കുന്നതിനുള്ള മാനദണ്ഡമായി തൽക്കാലം സ്വീകരിക്കേണ്ടത്. കോമൺ പൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം നടത്തുന്നതിലേയ്ക്കുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| (1) അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ നിലവിൽ ജോലി ചെയ്യുന്ന ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ട അവസാന തീയതി | 11.12.2015 |
| (2) വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ അപേക്ഷകൾ പരിശോധിച്ച് സ്ഥലംമാറ്റം ആവശ്യപ്പെട്ട ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ എത്തിക്കേണ്ട അവസാന തീയതി | 16.12.2015 |
| (3) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപേക്ഷകൾ പരിശോധിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ട തീയതി | 19.12.2015 |

എം. എസ്. ജയ ഐ.എ.എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ

(1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
(2) ബന്ധപ്പെട്ട ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക്
(വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
(3) ബന്ധപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകർക്ക്
(വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)
(4) എ3/ബി1/ബി2 സെക്ഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
(5) ഓഫീസ് കോപ്പി.

**പുറത്തെഴുത്ത് കത്ത് നമ്പർ. എ1/21665/2015 തിയ്യതി. 27/11/2015**

പകർപ്പ് എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും/എല്ലാ ഗവൺമെന്റ് ഹൈ സ്ക്കൂൾ പ്രധാനാദ്ധ്യാപകർക്കും, സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ക്കൂളുകളിൽ ജോലി ചെയ്യുന്ന ജില്ലാ തല കോമൺപൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരിൽ നിന്നും അന്തർ ജില്ലാ സ്ഥലമാറ്റ അപേക്ഷകൾ വിദ്യാഭ്യാസ ഉപ ഡയറക്ടർ പാലക്കാടിൽ എത്തിക്കേണ്ട അവസാന തിയ്യതി. 11/12/2015.

വിദ്യാഭ്യാസ ഉപ ഡയറക്ടർ
പാലക്കാട്.

പകർപ്പ്:-
എ3, എ4 സെക്ഷനുകൾക്ക്.

ജെ.ആർ. 27/11/2015

എ1/21665/2015

വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസ്
പാലക്കാട്. തിയ്യതി: 27/11/2015
Email-ddepkd@gmail.com
Phone – 0491 2505469

## പത്രക്കുറിപ്പ്

സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ക്കൂളുകളിൽ ജോലി ചെയ്യുന്ന ജില്ലാ തല കോമൺ പൂളിൽ ഉൾപ്പെട്ട അദ്ധ്യാപകരിൽ നിന്നും 2015 – 2016 വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. ഹൈ സ്ക്കൂൾ വിഭാഗം പ്രധാനാദ്ധ്യാപകരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ശേഖരിച്ച അപേക്ഷകൾ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ട അവസാന തിയ്യതി. 11/12/2015 വരെയാണ്. ഇതു സംബന്ധിച്ച സർക്കുലർ എല്ലാജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, എല്ലാ ഗവൺമെന്റ് ഹൈ സ്ക്കൂൾ പ്രധാനാദ്ധ്യാപകർക്കും ഇ–മെയിൽ ആയി അയച്ചു കൊടുത്തിട്ടുണ്ട്. വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ വെബ് സൈറ്റിലും ലഭ്യമാണ്, വെബ് സൈറ്റ് അഡ്രസ്സ്- ddepalakkad.wordpress.com

വിദ്യാഭ്യാസ ഉപ ഡയറക്ടർ
പാലക്കാട്.

സ്വീകർത്താവ്

1. ജില്ലാ ഇൻഫർമേഷൻ ഓഫീസർ
   പാലക്കാട്.

ജെ.ആർ. 27/11/2015